**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3474** **02-03-2023 - ൽ മറുപടിയ്ക്ക്**

**കശുവണ്ടിക്ക് ന്യായവില ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ തോമസ് കെ തോമസ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന കശുവണ്ടിക്ക് ന്യായമായ വില ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന തോട്ടണ്ടിയുടെ വിലനിർണ്ണയിക്കുന്നതിനായി തോട്ടണ്ടി വില നിർണ്ണയ സമിതി പ്രവർത്തിച്ചുവരുന്നുണ്ട്. തോട്ടണ്ടിയുടെ വിളവെടുപ്പിനോടനുബന്ധിച്ച് തോട്ടണ്ടിവിലനിർണ്ണയ സമിതി യോഗം കൂടി നിലവിലെ വിപണി വിലയും അന്താരാഷ്ട്രവിപണിയിലെ വിലയും പരിഗണിച്ചാണ് തോട്ടണ്ടിയ്ക്ക് വിലനിശ്ചയിക്കുന്നത്. 10.02.2023-ൽ വിലനിർണ്ണയ സമിതി യോഗം ചേർന്ന് തോട്ടണ്ടിയുടെ വില കിലോഗ്രാമിന് 114 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. മത്സരം നേരിടുന്ന ഈ വ്യവസായ മേഖലയിൽ അന്താരാഷ്ട്ര കമ്പോളത്തിലെ വിലയിൽ നിന്നും വളരെ കൂടിയ വില നിർണ്ണയിച്ചാൽ വ്യവസായികൾ കർഷകരിൽ നിന്നും ആ വിലയ്ക്ക് തോട്ടണ്ടി എടുക്കുന്നതിന് വൈമുഖ്യം കാണിക്കും. തോട്ടണ്ടി അന്യ സംസ്ഥാനങ്ങളിലേയ്ക്ക് പോകുന്നത് തടയുവാനും കേരള സ്റ്റേറ്റ് കാഷ്യു ഡെവലപ്പ്മെന്റ് കോർപ്പറേഷനും കാപ്പെക്സിനും കേരളത്തിൽ ഉല്പാദിപ്പിക്കുന്ന തോട്ടണ്ടി ലഭ്യമാക്കുവാനും സഹകരണ സംഘങ്ങൾ വഴി വിലനിർണ്ണയ സമിതി നിശ്ചയിച്ച വിലയിൽ തോട്ടണ്ടി സംഭരിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഈ പ്രക്രിയയിൽ പങ്കാളിയാകുന്ന സഹകരണ സംഘങ്ങൾക്ക് തൂക്കക്കുറവും ഗുണനിലവാരവും ഇല്ലായ്മ മൂലം ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിന് കർഷകർക്ക് കൂടുതൽ ഉല്പാദിപ്പിക്കാൻ പ്രചോദനം നല്കുന്നതിലേയ്ക്കായി 25.01.2023-ലെ മന്ത്രിതല മീറ്റിഗിൽ production Incentive നൽകുവാനായി തീരുമാനിക്കുകയും അതിന്റെ ധനശേഖരണത്തിനുള്ള നടപടികൾ നടന്നു വരികയും ചെയ്യുന്നു. |
| (ബി) | കശുവണ്ടിക്ക് ന്യായവില ലഭ്യമാക്കാൻ സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കാമോ; | (ബി) | ഉണ്ട്. സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന തോട്ടണ്ടിയുടെ വിലനിർണ്ണയിക്കുന്നതിനായി തോട്ടണ്ടി വില നിർണ്ണയ സമിതി പ്രവർത്തിച്ചുവരുന്നുണ്ട്. തോട്ടണ്ടിയുടെ വിളവെടുപ്പിനോടനുബന്ധിച്ച് തോട്ടണ്ടിവിലനിർണ്ണയ |

| | | | |
|---|---|---|---|
| | | | സമിതി യോഗം കൂടി നിലവിലെ വിപണി വിലയും അന്താരാഷ്ട്രവിപണിയിലെ വിലയും പരിഗണിച്ചാണ് തോട്ടണ്ടിയ്ക്ക് വിലനിശ്ചയിക്കുന്നത്. 10.02.2023-ൽ വിലനിർണ്ണയ സമിതി യോഗം ചേർന്ന് തോട്ടണ്ടിയുടെ വില കിലോഗ്രാമിന് 114 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. മത്സരം നേരിടുന്ന ഈ വ്യവസായ മേഖലയിൽ അന്താരാഷ്ട്ര കമ്പോളത്തിലെ വിലയിൽ നിന്നും വളരെ കൂടിയ വില നിർണ്ണയിച്ചാൽ വ്യവസായികൾ കർഷകരിൽ നിന്നും ആ വിലയ്ക്ക് തോട്ടണ്ടി എടുക്കുന്നതിന് വൈമുഖ്യം കാണിക്കും. തോട്ടണ്ടി അന്യ സംസ്ഥാനങ്ങളിലേയ്ക്ക് പോകുന്നത് തടയുവാനും കേരള സ്റ്റേറ്റ് കാഷ്യു ഡെവലപ്പ്മെന്റ് കോർപ്പറേഷനും കാപ്പെക്സിനും കേരളത്തിൽ ഉല്പാദിപ്പിക്കുന്ന തോട്ടണ്ടി ലഭ്യമാക്കുവാനും സഹകരണ സംഘങ്ങൾ വഴി വിലനിർണ്ണയ സമിതി നിശ്ചയിച്ച വിലയിൽ തോട്ടണ്ടി സംഭരിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഈ പ്രക്രിയയിൽ പങ്കാളിയാകുന്ന സഹകരണ സംഘങ്ങൾക്ക് തൂക്കക്കുറവും ഗുണനിലവാരവും ഇല്ലായ്മ മൂലം ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിന് കർഷകർക്ക് കൂടുതൽ ഉല്പാദിപ്പിക്കാൻ പ്രചോദനം നല്കുന്നതിലേയ്ക്കായി 25.01.2023-ലെ മന്ത്രിതല മീറ്റിഗിൽ production Incentive നൽകുവാനായി തീരുമാനിക്കുകയും അതിന്റെ ധനശേഖരണത്തിനുള്ള നടപടികൾ നടന്നു വരികയും ചെയ്യുന്നു. |
| (സി) | കശുവണ്ടി കൃഷി കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | കേന്ദ്ര സർക്കാർ സ്ഥാപനമായ **Directorate of Cashewnut & Cocoa Development (DCCD)**, കൊച്ചി പ്രസിദ്ധീകരിച്ച കണക്കനുസരിച്ച് വർഷംതോറും കശുമാവ് കൃഷിയുടെ വ്യാപനം കൂടി വരുന്നതായി കാണുന്നുണ്ട്. 2018-19 മുതൽ 2021-22 വരെയുള്ള കേരളത്തിലെ കശുമാവ് കൃഷിയുടെ വിസ്തൃതി ചുവടെ ചേർക്കുന്നു.. |

| വർഷം | വിസ്തൃതി (in Ha) |
|---|---|
| 2017-18 | 92.81 |
| 2018-19 | 96.65 |
| 2019-20 | 98.82 |
| 2020-21 | 103.20 |
| 2021-22 | 106.52 |

സെക്ഷൻ ഓഫീസർ